ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, കളരിപ്പയറ്റിന് വലിയ പ്രാധാന്യം കൊടുത്തുകൊണ്ടാണ് നമ്മുടെ സംസ്ഥാനവും യൂത്ത് വെൽഫെയർ ബോർഡും ചില പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. ധാരാളം ആളുകൾ അതിനെക്കുറിച്ചുള്ള വിവരം അന്വേഷിക്കുന്നുണ്ട്. അന്വേഷിക്കുന്ന ആളുകൾക്കും ആ സംഘടനകൾക്കും കിട്ടാവുന്ന പരമാവധി വിവരങ്ങൾ നൽകിക്കൊണ്ടിരിക്കുകയാണ്.

ധനവിനിയോഗത്തിൽ വന്ന പുരോഗതി

4(*154) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കെ. പി. പത്മനാഭൻ:
ശ്രീ. സി. കെ. സദാശിവൻ:
പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനവിനിയോഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉണ്ടായിട്ടുള്ള ക്രമാനുഗതമായ പുരോഗതി വ്യക്തമാക്കുമോ;

(ബി) കാർഷിക മേഖലയ്ക്കായി ഈ സർക്കാർ വരുമ്പോൾ എത്ര കോടി രൂപയുടെ അടങ്കലാണ് അനുവദിച്ചിരുന്നത്;

(സി) ഈ സർക്കാർ കാർഷിക മേഖലയുടെ വികസനത്തിനായി എത്ര കോടി രൂപയാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) വികസന പദ്ധതികൾക്ക് തുക അനുവദിക്കുന്ന കാര്യത്തിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള സമീപനം വ്യക്തമാക്കുമോ;

(ഇ) സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി അനുവദിക്കുന്ന തുകയിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) യാഥാസ്ഥിതിക ധനനയങ്ങൾക്കു പകരം സംസ്ഥാനത്തിന്റെ ക്ഷേമ വികസന ആവശ്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ധനവിനിയോഗ നയമാണ് സ്വീകരിച്ചത്. ഇതിന്റെ ഫലമായി 2001-2006 കലയളവിൽ സർക്കാർ ചെലവ് 53 ശതമാനം മാത്രം വർദ്ധിച്ചപ്പോൾ, ഈ സർക്കാരിന്റെ കാലത്ത് 100 ശതമാനത്തിലേറെ വർദ്ധിച്ചു. അതായത്, 2005-2006-ലെ 19,528 കോടി രൂപയിൽ നിന്ന് 2010-11-ൽ (പുതുക്കിയ കണക്കുപ്രകാരം) 39,790 കോടി രൂപയായി സർക്കാർ ചെലവ് ഉയർന്നു. മൂലധനച്ചെലവിന്റെ കാര്യത്തിലും ഇക്കാലത്ത് ഗുണപരമായ മാറ്റമുണ്ടായി. സർക്കാരിന്റെ മൊത്തം ചെലവിൽ 5.65 ശതമാനമായിരുന്ന മൂലധനച്ചെലവ് 12. 51 ശതമാനമായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 6.6 ശതമാനത്തിൽ നിന്ന് 8.5 ശതമാനമായി വികസനച്ചെലവ് 53 ശതമാനത്തിൽ നിന്ന് 55 ശതമാനമായി ഉയർന്നു.

(ബി) 2005-06 സാമ്പത്തിക വർഷത്തിൽ കൃഷിക്കും അനുബന്ധ മേഖലകൾക്കുമായി 224.90 കോടി രൂപയുടെ പദ്ധതി അടങ്കലാണ് അംഗീകരിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ കൃഷിയുടെയും അനുബന്ധ മേഖലകളുടെയും വികസനത്തിനായി 2010-11 സാമ്പത്തിക വർഷത്തിൽ 705.55 കോടി രൂപയുടെ പദ്ധതിയടങ്കലാണ് അനുവദിച്ചിട്ടുള്ളത്. RKVY, BRGF എന്നീ ഇനങ്ങളിലായി യഥാക്രമം 120 കോടി രൂപയും 40.26 കോടി രൂപയും കാർഷിക മേഖലയ്ക്ക് നീക്കിവച്ചിട്ടുണ്ട്.

(ഡി) അടിസ്ഥാന വികസന മേഖലകൾക്കും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും, പുത്തൻ വളർച്ചാ മേഖലകൾക്കും മുൻഗണന നൽകുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. 2010-11 സാമ്പത്തിക വർഷത്തിൽ ജലസേചനം, കുടിവെള്ളം, ഊർജ്ജം, വ്യവസായം, റോഡുകൾ-പാലങ്ങൾ, വിദ്യാഭ്യാസം, ഐ.റ്റി, ടൂറിസം എന്നിവയ്ക്കുള്ള അടങ്കൽ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2005-2006-ൽ റോഡുകൾക്കും പാലങ്ങൾക്കുമായി 533.20 കോടി രൂപ പദ്ധതിയിനത്തിൽ ചെലവഴിച്ച സ്ഥാനത്ത് 2009-2010-ൽ 1072.41 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 2005-06-ൽ വ്യവസായം, വിവര സാങ്കേതിക വിദ്യ, വിനോദ സഞ്ചാരം എന്നീ മേഖലകൾക്കായി യഥാക്രമം 201.14, 18.20, 86.15 കോടി രൂപ വീതം ചെലവഴിച്ച സ്ഥാനത്ത് 2009-10-ൽ യഥാക്രമം 347.25, 115.86, 120.80 കോടി രൂപ വീതമാണ് പദ്ധതിയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. വികസന പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ നൽകിയ മുൻഗണനയുടെ ഫലമാണിത്.

(ഇ) പരമ്പരാഗത മേഖല, സാമൂഹ്യ സുരക്ഷാ മേഖല, പട്ടികജാതി, പട്ടികവർഗ്ഗം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകൾക്കെല്ലാം വളരെ ഉയർന്ന പരിഗണനയാണ് ഈ സർക്കാർ നൽകുന്നത്. ഇതിന്റെ ഫലമായി പ്രസ്തുത മേഖലകളിലെ സർക്കാർ ചെലവിലുണ്ടായ ഗണ്യമായ വർദ്ധനവ് ഇവിടെ ഞാൻ പറയട്ടെ.

ക്ഷേമ പെൻഷനുകൾ 2001-2006-ൽ 134 കോടി രൂപ, ശരാശരി ഒരു വർഷം, 2006-2011-ൽ 389 കോടി രൂപ, ഭക്ഷ്യ സബ്സിഡി, 2001-2006-ൽ 34 കോടി രൂപ, 2006-2011-ൽ 235 കോടി രൂപ, കയർ വ്യവസായം 2001-2006-ൽ -23 കോടി രൂപ, 2005- 2011-ൽ 59 കോടി രൂപ, കശുവണ്ടി, 2001-2006-ൽ 15 കോടി രൂപ, 2006- 2011-ൽ 42 കോടി രൂപ, കൈത്തറി ഖാദി, 2001-2006-ൽ 28 കോടി രൂപ, 2006-2011-ൽ 48 കോടി രൂപ, പട്ടികജാതി-പട്ടികവർഗ്ഗം, 2001-2006-ൽ 395 കോടി രൂപ, 2006-2011-ൽ 840 കോടി രൂപ മത്സ്യമേഖല അഞ്ചുവർഷക്കാലത്തേക്ക് 2001-2006-ൽ 527 കോടി രൂപ, 2006-2011-ൽ 3092 രൂപ, സാമൂഹ്യ സുരക്ഷാ പദ്ധതികൾക്ക് സർക്കാർ പ്രതിവർഷം ശരാശരി 134 കോടി രൂപ ചെലവഴിച്ചിരുന്ന സ്ഥാനത്ത് 2010-11-ൽ 886 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. (വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്).*

ശ്രീ. മുരളി പെരുനെല്ലി: സർ, യു.ഡി.എഫ്. ഭരണത്തിൽ കേരളം സമ്പൂർണ്ണ കടക്കെണിയിലായിരുന്നു. എന്നാൽ യാഥാസ്ഥിതിക ധനനയങ്ങൾക്ക് പകരം ക്ഷേമവികസനത്തിലൂന്നിയ നയം നടപ്പിലാക്കിയിട്ടും ഈ ഭരണത്തിൽ ഒരു ദിവസംപോലും ട്രഷറി പൂട്ടേണ്ടിവന്നിട്ടില്ല എന്നത് അങ്ങയുടെ ധനമാനേജുമെന്റിന്റെ വിജയമാണ്. എന്റെ ചോദ്യം വസ്തുത ഇതായിരിക്കെ നമ്മുടെ സംസ്ഥാനം ഇപ്പോഴും കടക്കെണിയിലാണെന്ന യു.ഡി.എഫ് വാദത്തിൽ എന്തെങ്കിലും കഴമ്പുണ്ടോയെന്ന് വ്യക്തമാക്കുമോ?

*അനുബന്ധം - II A

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ടി. എം. തോമസ് ഐസക്: സർ, കടഭാരം കൂടുതലാണ്, കടക്കെണിയിലാണെന്ന് സ്ഥാപിക്കാൻവേണ്ടി കുറെ ബാലിശമായ വാദങ്ങൾ ഉന്നയിക്കുമ്പോൾ ശരാശരി ഒരാൾക്ക് എത്ര കടമുണ്ടെന്നുള്ളതാണ് കണക്ക്. അങ്ങനെയാണെങ്കിൽ കേരളത്തേക്കാൾ ഒരായിരം മടങ്ങ് കടത്തിലാണ് അമേരിക്ക. നമ്മുടെ സമ്പദ്ഘടനയുടെ വലുപ്പം വച്ചിട്ടുവേണം കടത്തിന്റെ ഭാരം അളക്കാൻ. അങ്ങനെ നോക്കുമ്പോൾ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കടഭാരം കുറഞ്ഞിരിക്കുകയാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, കഴിഞ്ഞ ഭരണകാലഘട്ടത്തിൽ വാർഷിക ശരാശരി 34 കോടി രൂപമാത്രമാണ് ഭക്ഷ്യസബ്സിഡിക്കായി ചെലവാക്കിയതെങ്കിൽ ഇപ്പോൾ ഈ ഭരണത്തിൽ അത് 235 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി കാർഷിക മേഖലയിൽ വലിയൊരു മുന്നേറ്റം ഉണ്ടായിട്ടുണ്ട്. ഈ മുന്നേറ്റം തുടർന്നും സ്ഥായിയായി നിലനിർത്തുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് ഈ ധനവിനിയോഗത്തിന്റെ ഭാഗമായി സ്വീകരിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, കാർഷിക മേഖലയിൽ പലരും കരുതുന്നതുപോലെ ഈ വർഷത്തെ ബഡ്ജറ്റിൽ വേണ്ടത്ര പ്രാധാന്യം നൽകിയിട്ടില്ലായെന്ന് പറയുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഏതാണ്ട് 30 ശതമാനത്തോളം തുക കാർഷിക മേഖലയിൽ കൂടുതലായി വകയിരുത്തിയിരിക്കുകയാണ്. മറ്റ് ഇടങ്ങളിൽ 10 ശതമാനം കൂടിയപ്പോൾ കാർഷിക മേഖലയ്ക്ക് ഏതാണ്ട് 30 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, കാർഷിക മേഖലയിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം കൂടുതൽ തുക വിനിയോഗിച്ചു എന്ന കാര്യം ശരിയാണ്. പക്ഷെ ആ വിനിയോഗം ചില മേഖലകളിൽകൂടി ആരംഭിക്കേണ്ടതുണ്ട്. ഉദാഹരണത്തിന് കേരളത്തിലെ നാളികേര കൃഷിക്കാരുടെ പെൻഷൻ കേരളത്തിൽ പ്രഖ്യാപിച്ചതാണ്. ആ കാര്യം നടപ്പിലാക്കുന്നതിനുവേണ്ടി അങ്ങയുടെ ഭാഗത്ത് നിന്ന് നടപടിയുണ്ടാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, നിശ്ചയമായും. ഇപ്പോൾ നെൽ കൃഷിക്കാർക്ക് പെൻഷനുണ്ട്, നാളികേര കൃഷിക്കാർക്കുണ്ട്, ഈ സർക്കാർ ഇവയൊക്കെ സംയോജിപ്പിച്ച് കൃഷിക്കാർക്കുവേണ്ടി സമഗ്രമായ ഒരു പെൻഷൻ പദ്ധതിക്ക് രൂപം നൽകുന്നതാണ്.

ശ്രീ. എ. എം. ആരിഫ്: സർ, ധനവിനിയോഗ കാര്യത്തിൽ അങ്ങ് കാണിച്ചിട്ടുള്ള പ്രത്യേകമായ ശ്രദ്ധ നല്ല നിലയിൽ വിനിയോഗിച്ചിട്ടുണ്ട്. എങ്കിലും ലക്ഷ്യമിട്ട വളർച്ചാ നിരക്ക് കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കാൻ കഴിയുമോ, അതുപോലെ തന്നെ സാമ്പത്തിക മാന്ദ്യം നമ്മുടെ സമ്പദ്വ്യവസ്ഥയെ ബാധിച്ചിട്ടുണ്ടോ ഇതുസംബന്ധിച്ച് സി.ഡി.എസ്. ഒരു പഠനം നടത്തിയിരുന്നു. അതിൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണ് നമുക്ക് പരിഹരിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ടി. എം. തോമസ് ഐസക്: സർ, നമ്മൾ പത്ത് ശതമാനത്തിലേറെ വളരാനാണ് ലക്ഷ്യമിട്ടത്. എന്നാൽ അത് പത്ത് ശതമാനം എത്തിയിട്ടില്ല. അതിന്റെ മുഖ്യകാരണം 1999 മുതൽ 2004 വരെയുള്ള കാർഷിക വില തകർച്ചയുടെ കാലത്ത് പ്ലാന്റേഷൻ മേഖലയിൽ ഈ നിക്ഷേപമൊന്നും വാണിജ്യവിളകളിലും ഉണ്ടായില്ല. അതിന്റെ കെടുതികൾ ഇപ്പോഴും തുടരുകയാണ്. വിലമെച്ചപ്പെട്ടപ്പോൾ നിക്ഷേപം വർദ്ധിച്ചിട്ടുണ്ട്. അതിന്റെ ഫലമായി വരും വർഷങ്ങളിൽ കാർഷിക മേഖലയിൽ വളരെ ശക്തമായ വളർച്ചയുണ്ടാകും.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടപ്പിലാക്കിയ ധനവിനിയോഗ രീതിയിലെ ശാസ്ത്രീയമായ മാറ്റവും ധനഃസ്ഥിതിയിലെ സ്ഥിരതയും പരസ്പരപൂരകമാക്കുവാൻ കഴിഞ്ഞത് എങ്ങനെയെന്ന് വിശദീകരിക്കാമോ; ഈ സ്ഥിരതയിലൂടെ ഭാവി വരുമാനത്തെ മുൻകൂട്ടി കാണുവാൻ കഴിഞ്ഞത് എങ്ങനെയെന്നുകൂടി വിശദീകരിക്കാമോ?

ഡോ. ടി. എം. ഐസക്: സർ, അതിന്റെ മുഖ്യ രീതികൾ രണ്ടാണ്. ഒന്ന് നമ്മുടെ വരുമാനം വർദ്ധിപ്പിക്കുവാൻ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുക, രണ്ട് അതുകൊണ്ടുമാത്രം റോഡിനും മറ്റുമൊക്കെ തികയത്തില്ല. അതുകൊണ്ട് കേന്ദ്ര സർക്കാർ അനുവദം തരില്ലായെന്നു മനസ്സിലാക്കിക്കൊണ്ട് നേരിട്ട് വാങ്ങാൻ പറ്റാത്ത് പരോക്ഷമായിട്ട് വാങ്ങുന്നതിനുള്ള ഏർപ്പാടുണ്ടാക്കി.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, സംസ്ഥാനത്ത് കാർഷിക മേഖല തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ് അങ്ങയുടെ കണക്കനുസരിച്ച്. എക്കണോമിക് റിവ്യൂവിലെ കണക്ക്, പോളിസി റിപ്പോർട്ട് എല്ലാം അങ്ങ് വച്ചു. എന്താണ് ഓരോ വർഷവും കുറയുന്നു. അതിന്റെ ഗ്രോത്ത് റേറ്റും കുറയുന്നു. 2005-06-ൽ 5.7 ശതമാനം ഗ്രോത്തുണ്ടായിരുന്നത് ഇപ്പോൾ 2009-10-ൽ 1.27 ശതമാനമായി കുറഞ്ഞു. അതുപോലെതന്നെ എക്കോണമിയുടെ ഗ്രോത്ത് കഴിഞ്ഞ വർഷം, അങ്ങയുടെ വർഷം തന്നെ 16.7 ശതമാനമായത് ഈ വർഷം 2009-10-ലെ സി.എ.ജി. റിപ്പോർട്ട് അനുസരിച്ച് അത് 6.52 ആയി കുറയാൻ എന്താണ് കാരണം?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ വളർച്ചാ നിരക്ക് എന്നു പറയുന്നത് വർഷാവർഷം അങ്ങോട്ടും ഇങ്ങോട്ടും നോക്കി കണക്കാക്കേണ്ടതല്ല. മറിച്ച് ദീർഘകാലത്തെ അല്ലെങ്കിൽ അഞ്ച് വർഷത്തെയോ പത്ത് വർഷത്തെയോ ശരാശരിയുടെ അടിസ്ഥാനത്തിലാണ് വളർച്ച ഉണ്ടാകുന്നുണ്ടോ ഇല്ലയോ എന്ന് നോക്കുന്നത്. ഇപ്പോൾ ശ്രീ. ആര്യാടൻ മുഹമ്മദ് പറഞ്ഞത് യഥാർത്ഥ അളവ് വയ്ക്കുമ്പോൾ കാർഷിക ഉല്പാദനം വർദ്ധിക്കുന്നില്ല. അതേസമയത്ത് മൊത്തം വരുമാനം എടുത്താൽ ഗണ്യമായ വർദ്ധനവാണ്, കാരണം വില കൂടിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഈ വിലക്കയറ്റത്തെ മാറ്റി നിർത്തി യഥാർത്ഥ ഉല്പാദനം നോക്കുകയാണെങ്കിൽ വർദ്ധിക്കാതിരിക്കുന്നതിന് കാരണം നമ്മുടെ വിള, ഇന്ന് റബ്ബർ നട്ടാൽ ആറ് വർഷം കഴിഞ്ഞിട്ടേ പാൽ കിട്ടുകയുള്ളൂ. 1999 മുതൽ 2003 വരെയുള്ള വിലത്തകർച്ചയുടെ കാലത്ത് നാളികേര മേഖലയിൽ, റബ്ബറിന്റെ മേഖലയിൽ തുടങ്ങിയടത്തൊന്നും നിക്ഷേപം ഉണ്ടാക്കാത്തതിന്റെ കെടുതികൾ ഇന്നും തുടരുകയാണ്. എന്നാൽ ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ ഇത് മാറും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വിശ്വൻ: സർ, മത്സ്യബന്ധന മേഖലയിൽ മറ്റേത് കാലത്തും ഉണ്ടായതിനേക്കാളും മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളത്. മൽസ്യ ഉല്പാദന രംഗത്തൊക്കെത്തന്നെ വലിയ മുന്നേറ്റം ഉണ്ടായി കഴിഞ്ഞിരിക്കുകയാണ്. അടിസ്ഥാന വികസന മേഖലയിൽ, വലിയ ഇടപെടലാണ് സർക്കാർ നടത്തുന്നത്. ഇപ്പോൾ കൊയിലാണ്ടിയിലെ ഫിഷിംഗ് ഹാർബർ തന്നെ കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ലാത്ത വിധത്തിൽ മുന്നരക്കൊല്ലം കൊണ്ടാണ് 40 കോടി രൂപയുടെ ഒരു ഹാർബറിന്റെ പണി പൂർത്തിയാകാൻ പോകുന്നത്. മത്സ്യ മേഖലയിൽ തൊഴിലാളികളുടെ കടാശ്വാസം പൂർണ്ണമായി സംരക്ഷിക്കാനുള്ള നടപടികൾ എന്തെല്ലാമാണ് സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇന്ത്യാ രാജ്യത്ത് ആദ്യമായാണ് മത്സ്യത്തൊഴിലാളികൾക്ക് ഏതാണ്ട് 280 കോടി രൂപയുടെ കടാശ്വാസം നൽകുന്നത്. 100 കോടി രൂപ ക്യാഷായിട്ട് സഹകരണ സംഘങ്ങൾക്ക് ഈ വർഷം കൊടുത്തു കഴിഞ്ഞു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ശാസ്ത്ര സാഹിത്യ പരിഷത്തുകാർ നാടകത്തിലൊക്കെ പറയാറുണ്ടായിരുന്നു കേരളത്തിൽ പിറക്കുന്ന ഒരു കുഞ്ഞ് 100 രൂപ കടക്കാരനായി പിറക്കാൻ വിധിക്കപ്പെട്ടിരിക്കുകയാണെന്ന്. കേരളത്തിൽ ഇന്ന് ജനിക്കുന്ന ഒരു കുഞ്ഞ് 16075 രൂപയുടെ കടക്കാരനായി ജനിക്കുന്നു എന്നുമാത്രമല്ല അങ്ങയുടെ കണക്കുകൾ പ്രകാരം തെന്നിന്ത്യൻ സംസ്ഥാനങ്ങളിൽ പെർക്യാപിറ്റാ ഡെപ്പബ്റ്റ് ഏറ്റവും കൂടുതലുള്ള സംസ്ഥാനമായി കേരളം മാറുകയാണ്. ഇങ്ങനെ ഈ സംസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകുന്ന ഒരു അപകടകരമായ സാഹചര്യം എങ്ങനെ ഒഴിവാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ അദ്ദേഹത്തിന് ഉറപ്പ് നൽകുന്നു കടം ഇനിയും കൂടിക്കൊണ്ടിരിക്കും. അതുകൊണ്ട് കടത്തിന്റെ ഭാരം അളക്കേണ്ടത് എത്ര കടമുണ്ടെന്ന് നോക്കിയിട്ടല്ല. ഓരോ കുഞ്ഞിന്റെയും പ്രതിശീർഷ വരുമാനംകൂടി നോക്കണം. അങ്ങനെ വരുമ്പോൾ കേരളത്തിലെ കടഭാരം കൂടുകയല്ല എന്ന് മനസ്സിലാകും.

മുസ്ലീം പിന്നോക്ക വിഭാഗങ്ങൾക്ക് നിയമനങ്ങളിൽ നിലനിൽക്കുന്ന ബാക്ക് ലോഗ് നികത്താൻ നടപടി

3(*155) ശ്രീ. യു. സി. രാമൻ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി:
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടുപ്രകാരം അർഹതപ്പെട്ട നിയമനങ്ങൾ നഷ്ടപ്പെട്ട മുസ്ലീം ഉൾപ്പെടെയുള്ള പിന്നോക്ക വിഭാഗങ്ങൾക്ക് ബാക്ക് ലോഗ് നികത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

അനുബന്ധം II A

17-2-2011-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 4 (*154) -ന്റെ ഉത്തരം ദയവായി കാണുക.

ഇനം	വാർഷിക ശരാശരി ചെലവ് (കോടി രൂപയിൽ) 2001-06	വാർഷിക ശരാശരി ചെലവ് കോടി രൂപയിൽ) 2006-11
ക്ഷേമ പെൻഷനുകൾ	134	389
ഭക്ഷ്യ സബ്സിഡി	34	235
കയർ	23	59
കശുവണ്ടി	15	42
കൈത്തറി, ഖാദി	28	48
പട്ടികജാതി-പട്ടികവർഗ്ഗം	395	840
മത്സ്യ മേഖല	527(5 വർഷം)	3092(5 വർഷം)
ഉന്നത വിദ്യാഭ്യാസം	790(2005-06)	1574(2010-11)
പദ്ധതിയിതര ഗ്രാന്റ്		2296(2011-12)

LIBRARY ARCHIVES Kerala Legislative Assembly